(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും ഏതൊക്കെ ആധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പോലീസ് സ്റ്റേഷനുകളിൽ കുറ്റവാളികളേയും, കുറ്റകൃത്യങ്ങളേയും സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം രേഖകളുടെ പരിപാലനം വളരെ മോശമായിക്കൊണ്ടിരിക്കുന്നതാണ് കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ കാരണമെന്നറിയുന്നത് ശരിയാണോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പോലീസ് വകുപ്പിൽ നടപ്പിലാക്കിവരുന്ന നവീകരണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഇല്ല.

(ഇ) ശരിയല്ല.

പോലീസ് വാഹനങ്ങൾക്ക് ഡീസൽ വാങ്ങിയ തുക

26 [2342] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന് ഡീസൽ/പെട്രോൾ നൽകിയ ഇനത്തിൽ കോട്ടയം, M/s. തോമസ് ചാക്കോ ആന്റ് കമ്പനി എച്ച് പി. ഡീലർക്ക് തുക നൽകാനുണ്ടോ;

(ബി) എങ്കിൽ എത്ര തുക എന്ന് വെളിപ്പെടുത്താമോ; ആയത് ലഭിക്കുന്നതിന് മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിൻമേൽ എന്തെങ്കിലും തുടർനടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഡീലർക്ക് എത്ര തുക നൽകിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഇനി നൽകാനുള്ള തുക എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 97,077 രൂപ നൽകാനുണ്ട്. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിൻമേൽ തുക നൽകുവാൻവേണ്ട നടപടി പൂർത്തീകരിച്ചുവരുന്നു.

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ 2,32,950 രൂപ നൽകിയിട്ടുണ്ട്.

(ഡി) എത്രയും പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

27 [2344] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കസ്റ്റഡിയിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

17-5-2001 മുതൽ 31-1-2005 വരെ ഉണ്ടായിട്ടുള്ള കസ്റ്റഡിമരണങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly